# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 239   08.06.2015-ൽ മറുപടിയ്ക്ക്

**<u>മാവോയിസ്റ്റ് ഭീഷണി നേരിടാൻ കർമ്മ പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ കെ. ശിവദാസൻ നായർ<br>ശ്രീ ലൂഡി ലൂയിസ്<br>ശ്രീ ബെന്നി ബെഹനാൻ<br>ശ്രീ എം. പി. വിൻസെന്റ് | | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്: വിശദമാക്കുമോ ; | (എ) | മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിനു സംസ്ഥാന പോലീസിനെ ശക്തിപ്പെടുത്തുന്ന തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| (ബി) | ഇതിനായി പ്രത്യേക പോലീസ് സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | കണ്ണൂർ റേഞ്ച് ഡി.ഐ.ജി. തലവനായി കേരള ആന്റി ടെറർ സ്ക്വാഡ് എന്ന സേനാ വിഭാഗം മാവോയിസ്റ്റ് അക്രമണമുൾപ്പെടെയുള്ള തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി പ്രവർത്തിച്ചു വരുന്നു. |
| (സി) | ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (സി) | മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻ തലം മുതൽ ജില്ലാ പോലീസ് മേധാവി തലം വരെയുള്ള ഉദ്യോഗസ്ഥരെ ശരിയാംവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റു ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടു വരുന്നത്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഭീഷണി നേരിടാൻ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിനു ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |

സെക്ഷൻ ഓഫീസർ